പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6988

11/07/2014 - ൽ മറുപടിയ്ക്ക്

## ഡി.പി.ഐ. ഓഫീസിൽ ലഭിക്കുന്ന തപാലുകളിൽ നടപടി സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
|---|---|
| (എ) ഡി.പി.ഐ. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ ഉൾപ്പെടെയുള്ള കത്തുകളിൽ എത്ര ദിവസത്തിനകം നടപടികൾ സ്വീകരിക്കുന്നു; വ്യക്തമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിക്കുന്ന തപാലുകൾ സമയബന്ധിതമായി നടപടി സ്വീകരിക്കുവാനായി അന്നന്ന തന്നെ ബന്ധപ്പെട്ട സെക്ഷനുകളിൽ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഡി.പി.ഐ ഓഫീസിൽ ലഭിക്കുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഉൾപ്പെടെയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ഫയലുകളിന്മേൽ ഡി.പി.ഐ. ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ അപേക്ഷകളിന്മേലും നടപടി സ്വീകരിക്കുന്നതിനേക്കാൾ കാലതാമസം ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിക്കുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് സംബന്ധിച്ച തപാലുകളിൽ കഴിവതും വേഗം നടപടി സ്വീകരിക്കുന്നുണ്ട്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ക്ലെയിം തുകയുള്ള അപേക്ഷയിൽ അനുവദനീയ തുക കണക്കുകൂട്ടി തുക അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവ് നൽകുവാനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ധാരാളം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ലഭിക്കുന്നതിനാലും മെഡിക്കൽ റീ -ഇമ്പേഴ്സ്മെന്റ് ക്ലെയിമിന് അംഗീകരിച്ചുകൊണ്ടുള്ള പ്രൈവറ്റ് ആശുപത്രികളുടെ എണ്ണം കൂടിയതിനാലും മുൻ കാലയളവിനേക്കാൾ വളരെയധികം അപേക്ഷകൾ കൂടുതലായി ലഭിക്കുന്നുണ്ട്. അതനുസരിച്ച മന:പൂർവ്വമല്ലാത്ത കാലതാമസം നേരിടുന്നുണ്ട്. താഴെയുള്ള ഓഫീസിൽ നിന്നും അപാകത ഇല്ലാതെ ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ സർക്കാരിലേക്ക് അയയ്ക്കുന്നുണ്ട്. അപാകതയുള്ള അപേക്ഷകൾ തിരിച്ചയച്ച് ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനുള്ള കാലതാമസംനേരിടുന്നുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ അപേക്ഷകളിലെ ന്യൂനതകൾ പ്രസ്തുത ഓഫീസിൽ നിന്ന് തന്നെ പരിഹരിക്കാവുന്നതിനാൽ അതിനുള്ള കാലതാമസം വരുന്നില്ല. |

Sreedevi

സെക്ഷൻ ഓഫീസർ